# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE: 02.08.2025**

1. രാജ്യത്തെ കർഷകരുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. സിനിമയിലെ നയ രൂപീകരണം മലയാള ചലച്ചിത്ര മേഖലയിലെ സുപ്രധാന ചുവടുവയ്പ്പാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. മലയാളത്തിലെ പ്രമുഖ സാഹിത്യ നിരൂപകനും എഴുത്തുകാരനും ചിന്തകനുമായ എം കെ സാനു അന്തരിച്ചു.

4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ അധികാരങ്ങൾ പരിശോധിക്കാൻ കമ്മിറ്റി രൂപീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ച് കേരള ഹൈക്കോടതി.

5. ഓണത്തിന് 2,000 കർഷക ചന്തകൾ തുറക്കുമെന്ന് കൃഷി മന്ത്രി പി. പ്രസാദ്.

6. സംസ്ഥാനത്ത് വീണ്ടും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒമ്പത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കടലാക്രമണ സാധ്യത കണക്കിലെടുത്ത് തീരദേശവാസികൾക്ക് മുന്നറിയിപ്പ്.

**********************

RNU TVPM

## പി എം കിസാൻ

രാജ്യത്തെ കർഷകരുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു വാരാണസിയിൽ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ആം ഗഡുവിലൂടെ 9.7 കോടി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 20,500 കോടിയിലേറെ രൂപയാണ് കൈമാറുക.

*************************

## ഫിലിം കോൺക്ലേവ് (ഇൻട്രോ)

മലയാള സിനിമ മേഖലയെ കാലത്തിനൊത്ത് നവീകരിക്കുകയും വിപുലീകരിക്കുകയും ചെയ്യുന്നതിന് കേരള ഫിലിം പോളിസി കോൺക്ലേവ് സഹായകമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സിനിമാ നയ രൂപീകരണം ശ്രദ്ധേയമായ ചുവടുവയ്പ്പാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. സിനിമാ നയ രൂപീകരണത്തിനായുള്ള കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മലയാള സിനിമ സമൂഹത്തിന്റെ പ്രതിഫലനമാണെന്ന് ചടങ്ങിൽ സംസാരിക്കവെ ചലച്ചിത്ര താരം മോഹൻലാൽ പറഞ്ഞു.

(വോയിസ്)

രണ്ട് ദിവസം നീണ്ടു നിൽക്കുന്ന കേരള ഫിലിം പോളിസി കോൺക്ലേവിൽ ഒൻപത് വിവിധ വിഷയങ്ങളിലായുള്ള പാനൽ ചർച്ചകൾ നടക്കും. കോൺക്ലേവിൽ രൂപീകരിക്കുന്ന സിനിമാ നയം സർക്കാരിന് സമർപ്പിക്കും.

*************************

## എം കെ സാനു

RNUTVPM

മലയാളത്തിലെ പ്രമുഖ സാഹിത്യ നിരൂപകനും എഴുത്തുകാരനും ചിന്തകനുമായ എം കെ സാനു അന്തരിച്ചു. ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കവെയാണ് അന്ത്യം. 98 വയസ്സായിരുന്നു. ദീർഘകാലം എറണാകുളം മഹാരാജാസ് കോളേജിൽ മലയാളം അധ്യാപകനായിരുന്നു. 1987 ൽ എറണാകുളം നിയമസഭാ മണ്ഡലത്തിത്തെ പ്രതിനിധീകരിച്ച് എം എൽ എയായി. ആലപ്പുഴയിലെ തുമ്പോളിയിൽ ജനിച്ച അദ്ദേഹം പിന്നീട് മലയാള സാഹിത്യ രംഗത്തെ ഒഴിച്ചുകൂടാനാവാത്ത വ്യക്തിത്വമായി മാറി. കേന്ദ്ര കേരള സാഹിത്യ അക്കാദമി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. 40-ഓളം കൃതികൾ രചിച്ചു. 'കർമ്മഗതി'യാണ് അദ്ദേഹത്തിന്റെ ആത്മകഥ.
*************************

## കേരള ഹൈക്കോടതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ അധികാരങ്ങൾ പരിശോധിക്കുന്നതിനായി കമ്മിറ്റി രൂപീകരിക്കാൻ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ച് കേരള ഹൈക്കോടതി. തൊഴിലുറപ്പ് പദ്ധതിയുടെ കേരള സ്റ്റേറ്റ് മിഷൻ മുൻ ഓംബുഡ്സ്മാൻ സമർപ്പിച്ച പൊതുതാൽപര്യ ഹർജി പരിഗണിക്കവെയാണ് ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരടങ്ങിയ ബെഞ്ച് വിധി പുറപ്പെടുവിച്ചത്.
*************************

## ഛത്തീസ്ഗഢ്-കന്യാസ്ത്രീ

RNU TVPM

ഛത്തീസ്ഗഢിൽ അറസ്റ്റിലായ മലയാളി കന്യാസ്ത്രീകൾക്ക് എൻ ഐ എ കോടതി ജാമ്യം അനുവദിച്ചു. കന്യാസ്ത്രീകൾക്ക് ജാമ്യം ലഭിക്കാൻ വഴിയൊരുക്കിയ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നന്ദി അറിയിക്കുന്നതായി തൃശൂർ അതിരൂപതാ അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. ജാമ്യം ലഭിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് സിസ്റ്റർ വന്ദന ഫ്രാൻസിസിന്റെ സഹോദരൻ ചെറിയാൻ മാത്യു കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

*************************

## കന്യാസ്ത്രീ പ്രതികരണം

ഛത്തീസ്ഗഢിൽ അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് ജാമ്യം ലഭിച്ച വാർത്ത ആശ്വാസകരമാണെന്ന് മന്ത്രി വി ശിവൻകുട്ടി. കന്യാസ്ത്രീകൾക്ക് എതിരായ എഫ്.ഐ.ആർ റദ്ദാക്കുന്നതു വരെയുള്ള നിയമ പോരാട്ടങ്ങൾക്ക് കോൺഗ്രസും യു.ഡി.എഫും പിന്തുണ നൽകുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രതികരിച്ചു. കന്യാസ്ത്രീകളുടെ മോചനം സാധ്യമാക്കിയ ജുഡീഷ്യറിക്കും കേന്ദ്ര സർക്കാരിനും നന്ദി അറിയിക്കുന്നെന്നും ബിജെപി ഒപ്പം ഉണ്ടാകുമെന്നും സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു. വിധി ആശ്വാസകരമെന്ന് ഓർത്തഡോക്സ് സഭാ അധ്യക്ഷനും അറിയിച്ചു.

RNUTVPM

*************************

## പി പ്രസാദ് - കർഷക ചന്ത (ഇൻട്രോ)

ഓണത്തിന് 2,000 കർഷക ചന്തകൾ തുറക്കാൻ തീരുമാനിച്ചതായി കൃഷി മന്ത്രി പി. പ്രസാദ്. 30 ശതമാനം വരെ വില കുറച്ചാകും പൊതുജനങ്ങൾക്ക് ഓണത്തിന് പച്ചക്കറി നൽകുക. വെളിച്ചെണ്ണ വില കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ കേര ഫെഡുമായി ആലോചിച്ച്

തീരുമാനിക്കുമെന്നും തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കവേ മന്ത്രി പറഞ്ഞു.

(വോയിസ്)

************************

## എ കെ ശശീന്ദ്രൻ - ഖാദി

ഖാദി മേഖലയെ കൂടുതൽ ജനകീയമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. സർക്കാരിന്റെയും കോഴിക്കോട് സർവോദയ സംഘത്തിന്റെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഓണം ഖാദി മേളയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. മിഠായി തെരുവിലെ ഖാദി ഗ്രാമോദ്യോഗ് എംബോറിയത്തിൽ സെപ്റ്റംബർ നാല് വരെയാണ് ഓണം ഖാദി മേള. 16 ഇനങ്ങൾ അടങ്ങിയ 'സ്വദേശി സ്വാദ്' ഓണക്കിറ്റിന്റെ ആദ്യ വിൽപനയും മേളയിൽ നടന്നു.

RNU TVPM

************************

## വി എസ് എസ് സി - ജോലി തട്ടിപ്പ്

തിരുവനന്തപുരം വി എസ്സ് എസ്സ് സി-യിൽ ജോലി വാഗ്ദാനം ചെയ്യുന്ന വ്യാജ തൊഴിൽ റാക്കറ്റുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് അറിയിപ്പ്. തൊഴിൽ തട്ടിപ്പ് കേസിൽ സംസ്ഥാനത്ത് അഞ്ച് പേർ അറസ്റ്റിലായ സാഹചര്യത്തിലാണ് വി എസ്സ് എസ്സ് സി മുന്നറിയിപ്പ് നൽകിയത്. വി എസ് സി സിയിൽ നിയമനത്തിനായി ഏതെങ്കിലും ഏജൻറ്റുമാരെയോ ഏജൻസികളെയോ അധികാരപ്പെടുത്തിയിട്ടില്ലെന്നും ഒഴിവുകൾ വിഎസ് സി സിയുടെയോ ഐ എസ് ആർ ഒയുടെയോ ഔദ്യോഗിക വെബ്സൈറ്റ് വഴി പരസ്യപ്പെടുത്തുമെന്നും അറിയിപ്പിൽ പറയുന്നു.

************************

## ഇടുക്കി - ജലനിരപ്പ് (ഇൻട്രോ)

ഇടുക്കി ഡാമിലെ ജലനിരപ്പ് 70 ശതമാനം പിന്നിട്ടു. ഈ വർഷം ആദ്യമായാണ് ജലനിരപ്പ് 70 ശതമാനം കടക്കുന്നത്. റൂൾ കർവ് ലെവൽ പിന്നിട്ടതിനെ തുടർന്ന് ഇടുക്കി ഡാമിലിപ്പോൾ നീല ജാഗ്രത പുറപ്പെടുവിച്ചിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയിസ്)

*************************

## കരട് വോട്ടർപട്ടിക

തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഈ മാസം 7 വരെ അവസരം. അന്തിമ വോട്ടർപട്ടിക അടുത്ത മാസം 30-ന് പ്രസിദ്ധീകരിക്കും. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

PNU TVPM

*************************

## മഴ

സംസ്ഥാനത്ത് ഇന്ന് മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ഒമ്പത് ജില്ലകളിൽ മഞ്ഞ ജാഗ്രത. നാളെ ആലപ്പുഴ മുതൽ ഇടുക്കി വരെ നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. കടൽ പ്രക്ഷുബ്ധമാകുമെന്നും മുന്നറിയിപ്പ്. കള്ളക്കടൽ

പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ നാളെ വൈകുന്നേരം മുതൽ മറ്റെന്നാൾ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്ന് മുന്നറിയിപ്പ്. ലക്ഷദ്വീപ് തീരത്ത് ഇന്ന് മത്സ്യബന്ധനത്തിന് പോകുന്നതിനും വിലക്ക്.
*************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഈ വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.
*************************

RNU TVPM

## കലാഭവൻ നവാസ്

അന്തരിച്ച ചലച്ചിത്രതാരം കലാഭവൻ നവാസിന് വിട നല്കി സംസ്കാരിക കേരളം. സിനിമ-സംസ്കാരിക മേഖലയിലെ നിരവധി പേർ അന്തിമോപചാരം അർപ്പിച്ചു. ഖബറടക്കം വൈകുന്നേരം 6 മണിയോടെ ആലുവ ടൗൺ ജുമാ മസ്ജിദിൽ നടന്നു.
*************************

## ഡോ. എ സീമ - അറ്റ് ഹോം

തൃശ്ശൂരിലെ സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജിയിലെ ശാസ്ത്രജ്ഞയായ എ.സീമയ്ക്ക് സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് രാഷ്ട്രപതിഭവനിൽ സംഘടിപ്പിക്കുന്ന അറ്റ് ഹോം പരിപാടിയിലേക്കുള്ള രാഷ്ട്രപതിയുടെ ക്ഷണക്കത്ത് ലഭിച്ചു.

വടക്കാഞ്ചേരി സബ് ഡിവിഷൻ പോസ്റ്റൽ ഇൻസ്പെക്ടറിൽ നിന്ന് ക്ഷണക്കത്ത് സീമ ഏറ്റുവാങ്ങി. സ്തനാർബുദം കണ്ടെത്തുന്ന, ചെലവുകുറഞ്ഞ ബ്രാ വികസിപ്പിച്ചെടുത്ത ഡോ. സീമയ്ക്ക് 2019ലെ സ്ത്രീകൾക്കുള്ള പരമോന്നത സിവിലിയൻ അവാർഡായ നാരി ശക്തി പുരസ്കാരം ലഭിച്ചിരുന്നു.

*************************

## ചങ്ങാതിക്കൊരു തൈ

സൗഹൃദം മഹാ വൃക്ഷമായി വളരട്ടെ എന്ന ആശയം പ്രചരിപ്പിച്ച് സൗഹൃദ ദിനത്തിൽ ഹരിതകേരളം മിഷൻ പത്തുലക്ഷം വൃക്ഷത്തൈ കൈമാറ്റം സംഘടിപ്പിക്കും. സൗഹൃദ ദിനമായ നാളെയും തുടർന്നുള്ള ദിവസങ്ങളിലുമാണ് തൈകൾ കൈമാറുന്നത്. 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായാണ് ചങ്ങാതിക്കൊരു തൈ എന്ന പേരിൽ പരിപാടി സംഘടിപ്പിക്കുന്നത്.

*

************

************************************

RNU TVPM